**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2036** **16-03-2022 - ൽ മറുപടിയ്ക്ക്**

**മുൻ വനിത ഡി.ജി.പി.യുടെ പ്രസ്താവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ വനിത ഡി.ജി.പി. യുടെ പ്രസ്താവനയിൽ ഒരു ഡി.ഐ.ജി വനിത എസ്.ഐ.-യ്ക്കെതിരെ മര്യാദ ലംഘനം നടത്തുവാൻ ശ്രമിച്ചതായും അവർ അതിനെ തടഞ്ഞതായും പറയുന്നത് ഇന്റലിജൻസ് വിഭാഗം മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച് ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച് ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പ്രസ്താവനയിൻമേൽ അന്വേഷണം നടത്തി വനിതാ കമ്മീഷൻ സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പരാതിയിലെ പരാമർശ വിധേയയായ വനിത എസ്.ഐ വനിതാ കമ്മീഷനിൽ പരാതി നൽകിയിട്ടില്ല. ഈ വിഷയത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുത്തിട്ടില്ലാത്തതുമാണ്. |
| (ഡി) | മുൻ സർക്കാരിന്റെ കാലം മുതൽ പോലീസ് സ്റ്റേഷനുള്ളിൽ വച്ചും മറ്റിതര സ്ഥലങ്ങളിൽ വച്ചും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടന്ന പീഡനം സംബന്ധിച്ച കേസ്സുകളുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | അത്തരത്തിൽ ചാവക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 2141/ 2016 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥനെ സർവീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. |
| (ഇ) | വനിതാ പോലീസ്സുകാരെ പീഡിപ്പിച്ചതായി പറയപ്പെടുന്ന ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഡി പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ